പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 376

29.01.2019 - ൽ മറുപടിയ്ക്ക്

## മുദ്രപത്രങ്ങളുടെ ക്ഷാമം

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) എറണാകുളം ജില്ലയിലെ മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് രജിസ്ട്രേഷൻ നടപടികൾ കൂടുതലുള്ളതും രണ്ട് രജിസ്ട്രാർമാർ ഉള്ളതുമായ കോതമംഗലത്ത് ചെറിയ വിലകൾക്കുള്ള മുദ്രപത്രങ്ങൾക്ക് ട്രഷറിയിൽ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (സി) യും.<br>50 രൂപ, 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ഈ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറുകൾ ആവശ്യാനുസരണം സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് നൽകി ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ആദിവാസികളടക്കം നിരവധിയായ സാധാരണക്കാർക്ക് വിവിധ എഗ്രിമെന്റുകൾ, ജനന മരണ സർട്ടിഫിക്കറ്റുകൾ, സ്കൂൾ സർട്ടിഫിക്കറ്റുകൾ അടക്കമുള്ള ആവശ്യങ്ങൾക്ക് വലിയ തുകയ്ക്കുള്ള മുദ്രപത്രങ്ങൾ വാങ്ങേണ്ടി വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കോതമംഗലം ട്രഷറിയിൽ എല്ലാ വിലകൾക്കുമുള്ള മുദ്രപത്രങ്ങൾ യഥേഷ്ടം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ